# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4489

13.11.2019 ന് മറുപടിയ്ക്ക്.

### വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്ന് സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഒ. ആർ. കേളു<br>,, കെ. ബാബു<br>,, ജോർജ് എം. തോമസ്<br>,, ഐ.ബി. സതീഷ് : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വനമേഖലയോടനുബന്ധിച്ചുള്ള ജനവാസ കേന്ദ്രങ്ങളിൽ അധിവസിക്കുന്നവർക്ക് വന്യമൃഗങ്ങളിൽ നിന്ന് നേരിടേണ്ടിവരുന്ന ഭീഷണിയും ജീവഹാനിയും കൃഷിനാശവും സംബന്ധിച്ച് നിരന്തരം ഉയർന്നുവരുന്ന പരാതികൾ ഗൗരവമായിക്കാണുമോ; | (എ) | പരാതികൾ ഗൗരവമായി കാണുകയും, അതിൽ ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ബി) | വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; അവ പര്യാപ്തമാണോ; ഇല്ലെങ്കിൽ കൂടുതൽ മെച്ചപ്പെട്ട മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ; | (ബി) | വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:-<br><br>1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൗരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നു. സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ ജൈവ വേലി, 248 കി.മീ. കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്.<br><br>2. വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള |

സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.

3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
4. സ്ഥിരമായി ജനവാസകേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്കോ റീഹാബിലിറ്റേഷൻ സെന്ററുകളിലേയ്ക്കോ റീ-ലൊക്കേറ്റ് ചെയ്യൽ.
5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.
6. വന്യജീവികളെ ആകർഷിക്കുന്ന കൃഷി രീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.
8. വനത്തികത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജല സംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്ത—ത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

കൂടാതെ, ക്രാഷ് ഗാർഡ് റോപ്പ്

| | | | |
|---|---|---|---|
| | | | ഫെൻസിംഗ്, കരിമ്പന ഉപയോഗിച്ചുള്ള ബയോഫെൻസിംഗ് എന്നിവ വനം വകുപ്പ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | തുടർച്ചയായുണ്ടാകുന്ന പ്രളയവും കനത്ത മഴയും വനപ്രദേശങ്ങളടങ്ങുന്ന സമീപ പ്രദേശങ്ങളിലെ കൃഷിയ്ക്ക് ഭീഷണിയായിരിക്കുന്ന സാഹചര്യത്തിൽ വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശം പ്രസ്തുത മേഖലയിലെ കാർഷിക വൃത്തിയേയും ജനജീവിതത്തെയും കൂടുതൽ ദുരിതത്തിലാക്കിയിരിക്കുന്ന വസ്തുത സർക്കാർ പ്രത്യേകമായി പരിശോധിക്കുമോ; | (സി) | ഈ വസ്തുത പ്രത്യേകം പരിഗണനയ്ക്ക് എടുത്തു കൊണ്ടുതന്നെ വന്യജീവികളുടെ ആക്രമണം മൂലം കാർഷിക മേഖലകൾക്കുണ്ടാകുന്ന നാശ നഷ്ടങ്ങൾ ക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം വനം വകുപ്പ് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു. വന്യജീവി ആക്രമണം മൂലം കാർഷിക മേഖലയിൽ ഉണ്ടാകുന്ന നഷ്ടത്തിന്റെ 100% (പരാമാവധി 1 ലക്ഷം രൂപ) നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ, സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 02/2015/വനം തീയതി, 08/01/2015 പ്രകാരം കൃഷിനാശം സംഭവിച്ച ഓരോ വിളയ്ക്കുമുള്ള നഷ്ടപരിഹാരം നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. |

<table>
<tr>
<td>(ഡി)</td>
<td>വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും നൽകിവരുന്ന നഷ്ടപരിഹാരത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?</td>
<td>(ഡി)</td>
<td>വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നു. നിലവിലെ നിരക്ക് ചുവടെ ചേർക്കുന്നു.
<table>
<tr><th>കഷ്ട നഷ്ടങ്ങളുടെ സ്വഭാവം</th><th>നഷ്ട പരിഹാര തുക</th></tr>
<tr><td>വന്യജീവി ആക്രമണം മൂലമുള്ള മരണം</td><td>10 ലക്ഷം രൂപ</td></tr>
<tr><td>വനത്തിനു പുറത്തു വച്ചുള്ള പാമ്പു കടിമൂലമുള്ള മരണം</td><td>2 ലക്ഷം രൂപ</td></tr>
<tr><td>വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം</td><td>2 ലക്ഷം രൂപ</td></tr>
<tr><td>വന്യജീവി ആക്രമണംമൂലം മനുഷ്യർക്ക് ഉണ്ടാകുന്ന പരിക്ക്</td><td>1 ലക്ഷം രൂപ<br>പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ).</td></tr>
<tr><td>വന്യജീവി ആക്രമണംമൂലമുള്ള വീടുനഷ്ടം, കന്നുകാലി നഷ്ടം</td><td>നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ)</td></tr>
<tr><td>വന്യജീവി ആക്രമണം മൂലമുള്ള വിളനാശം</td><td>നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ)</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ